<u>**പതിനാലാം കേരള നിയമസഭ**</u>

<u>**രണ്ടാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5811. 03.11.2016 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം<br>**ശ്രീ.ആർ. രാമചന്ദ്രൻ** | മറുപടി<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമ നിധിബോർഡ് നിലവിൽ വന്നിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കേരളത്തിൽ 1996 – ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം 14/08/1998 ലെ ജി.ഒ (പി) 53/98/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് നിലവിൽ വന്നിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. |
| (ബി) നിർമ്മാണ തൊഴിലാളി ക്ഷേമ നിധിബോർഡിൽ 2011 - നുശേഷം എത്ര അംഗങ്ങളെ പുതിയതായി ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പുതിയ അംഗങ്ങളെ ചേർക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (ബി) 2011-12 വർഷം മുതൽ 2016 ആഗസ്റ്റ് 30 വരെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 34059 അംഗങ്ങളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബോർഡിൽ 1998 -ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് 1998 – ലെ ചട്ടം 283 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നതും, 18 നും 60 നും ഇടയിൽ പ്രായമുള്ളതും, നിയമം മൂലം സ്ഥാപിതമായ മറ്റൊരു ക്ഷേമ ബോർഡിലും അംഗത്വമില്ലാത്തതുമായ ഏതൊരാൾക്കും ബോർഡിൽ അംഗത്വം നേടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം യോഗ്യത യുള്ള ആൾക്ക് ബോർഡിന്റെ ജില്ലാ ഓഫീസിൽ, ടി അംഗത്വം ലഭിക്കുന്നതിന് |

| | |
|---|---|
| | അപേക്ഷ സമർപ്പിക്കാവുന്നതും, പ്രസ്തുത അപേക്ഷയിന്മേൽ അർഹത ബോധ്യപ്പെടുന്ന സാഹചര്യത്തിൽ ബോർഡിൽ അംഗത്വം നൽകുന്നതുമാണ്. ഇതിലേക്ക് രജിസ്ട്രേഷൻ ഫീസായി 25/- രൂപയും മൂന്ന് മാസത്തെ അംശദായമായി 60 രൂപയും അപേക്ഷകർ ഒടുക്കേണ്ടതായിട്ടുണ്ട്. |
| (സി) ക്ഷേമനിധി അംഗം മരിക്കുമ്പോൾ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ; | (സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗത്വം എടുത്തിട്ടുള്ളയാൾ മരണപ്പെടുകയാണെങ്കിൽ ആശ്രിതർക്ക് മരണാന്തര ചെലവുകൾക്കുള്ള ധന സഹായമായി 25,000/- രൂപയും ജോലിക്കിടെ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് മരണം സംഭവിച്ചാൽ ധനസഹായമായി 3 (മൂന്ന്) ലക്ഷം രൂപയും അനുവദിച്ച് വരുന്നു. |
| (ഡി) ക്ഷേമനിധി വരിക്കാരൻ മരണപ്പെടുമ്പോൾ വിധവയ്ക്ക് നൽകുന്ന സമാശ്വാസ പെൻഷൻ എത്രയാണെന്ന് വ്യക്തമാക്കുമോ; പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ബോർഡിലെ അംഗതൊഴിലാളി മരണപ്പെടുകയാണെങ്കിൽ വിധവയ്ക്ക് സമാശ്വാസ ധനസഹായമായി (സാന്ത്വനം ധനസഹായം) പ്രതിമാസം 400/- രൂപ അനുവദിച്ച് വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ